# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1137 14.06.2012 - ൽ മറുപടിക്ക്

## റോഡുകളുടെ ദീർഘകാല സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ആധുനിക രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;<br><br>(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;<br><br>(സി) ആയതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (എ), (ബി) & (സി) കെ. എസ്. റ്റി. പി. യിൽ ഒന്നാം ഘട്ടത്തിൽപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 254 കി.മീ റോഡുകളുടെ ദീർഘകാല സംരക്ഷണം ലോങ്ങ് ടേം മെയിന്റനൻസിനായി കെ. എസ്. റ്റി. പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഒന്നാം ഘട്ടത്തിൽ ഹെവി മെയിന്റനൻസ് ചെയ്ത 13 റോഡുകൾ 5 വർഷത്തെ ലോങ്ങ് ടേം മെയിന്റനൻസിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തി തുടങ്ങി കഴിഞ്ഞിട്ടുണ്ട്.<br><br>ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ഐ. ആർ. സി. യുടെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നിർമ്മിക്കുന്നത്. ദീർഘകാല സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നാഷണൽ ഹൈവേ ചെയ്യുന്ന എല്ലാ മേജർ |

ജോലികൾക്കും ഡിഫക്ട് ലൈബിലിറ്റി പിരീഡ് 3 വർഷമായി ദീർഘിപ്പിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകളുടെ ദീർഘകാല സംരക്ഷണം ഉറപ്പു വരുത്തുന്നതിന് 5 വർഷ കരാർ കാലാവധി നിശ്ചയിച്ചിട്ടുള്ള 'ഹെവിമെയിന്റനൻസ്' പദ്ധതി നടപ്പിലാക്കി വരുന്നു. 'ഹെവി-മെയിന്റനൻസ്' പദ്ധതി പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വ-ത്തിൽ 5 വർഷക്കാലം റോഡ് പൂർണതോതിൽ ഗതാഗത യോഗ്യമാക്കി സംരക്ഷിക്കുന്ന-തിന് വേണ്ടുന്ന തരത്തിൽ കരാർ ഉടമ്പടി പ്രകാരം ചുമതല-പ്പെടുത്തുന്ന. രീതിയാണ് നടപ്പിൽ വരുത്തുന്നത്. 4 ശബരിമല അനുബന്ധ റോഡുകൾക്ക് 'ഹെവി മെയിന്റനൻസ്' നടപ്പിലാക്കുന്ന-തിനും ഒരു പാലത്തിന്റെ നിർമ്മാണ ത്തിനുമായി 58.45 കോടി രൂപയുടെ ഭരണാനുമതി നൽകി-യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ